# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1999 | 05/12/2018-ൽ മറുപടിയ്ക്ക്.

## ആശ്രിത നിയമനം

| **ചോദ്യം**<br>ശ്രീ.സി.കൃഷ്ണൻ | | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (എ) | വിവിധ വകുപ്പുകളിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളിലെ നിശ്ചിത ശതമാനം ആശ്രിത നിയമനത്തിനായി സമയബന്ധിതമായിത്തന്നെ സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കൃത്യമായ ഇടവേളകളിൽ വകുപ്പ് അദ്ധ്യക്ഷൻമാർക്ക് ഓർമ്മപ്പെടുത്തലുകൾ നൽകാറുമുണ്ട്. ആകെ ഒഴിവുകളിലെ നിശ്ചിത ശതമാനം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ടി പദ്ധതി പ്രകാരം നിയമനം നൽകി വരുന്നു. |
| (ബി) | നിലവിൽ അപേക്ഷ സമർപ്പിച്ച് ജോലി ലഭിക്കാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | നിലവിലെ നിയമം അനുസരിച്ച് എത്ര ശതമാനം ഒഴിവുകളാണ് ആശ്രിത നിയമനത്തിന് നീക്കി വെച്ചിട്ടുള്ളത്? | (സി) | 31/05/2006 തിയതിയിലെ സ.ഉ.(പി.)151/2006 പ്രകാരം വർഷം തോറും എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, |

പ്യൂൺ തസ്തികകളിലെ നിയമനത്തിന്റെ 5%-വും, സെക്രട്ടറിയേറ്റ്, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് എന്നിവിടങ്ങളിലുണ്ടാകുന്ന അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക (ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക ഉൾപ്പെടെ) യുടെ 5%, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ആഡിറ്റർ ഗ്രേഡ്-II തസ്തികയുടെ 5%, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളുടെ 5%, എൽ.ഡി.കംപൈലർ തസ്തികയുടെ 5%, പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡർ എന്നീ തസ്തികകളുടെ 10% എന്നിങ്ങനെയാണ് ആശ്രിത നിയമനത്തിന് നീക്കി വച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.